"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നല്കുന്നതിനുള്ള ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.712/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03/09/2025-ലെ കത്ത്.
2. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08/08/2025-ലെ 1(4)-ാം നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 23/02/2026-ലെ 4.25 നമ്പർ തീരുമാനം.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നല്കുന്നതിനുള്ള പ്രോജക്ട് 2024-25 വർഷം ഏറ്റെടുത്തിരുന്നു. 2025-26-ൽ ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ട്. 12 പേർക്ക് പരിശീലനം നല്കി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് ഷീ ടാക്സി (ഓട്ടോറിക്ഷ) നല്കുന്നതിന് ഈ വർഷം 12 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.83/2026) ഈ പ്രോജക്ടിന്റെ നിർവഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി.ഇ.ഒ) ട്രാൻസ്ഫർ ആയപ്പോൾ പുതുതായി വന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇതു നടപ്പാക്കാവുന്നതല്ലെന്നും ഇതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ഐ.സി.ഡി.എസ് സൂപ്പർവൈസറാണ് ആകേണ്ടതെന്നും അറിയിച്ചിട്ടുണ്ടെന്നും അതിനാൽ സ്പിൽ ഓവറായി തുടരുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നല്കണമെന്നും പരാമർശം (2)-ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം പരാമർശം (1) മുഖേന ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. തൊഴിൽ നല്കുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം (പരിശീലനം) നടത്തുന്നത് എന്നതിനാൽ പ്രോജക്ട് തുടരാവുന്നതാണെന്നും ഷീ ടാക്സി പ്രോജക്ട് ഒഴിവാക്കരുതെന്നും പരിശീലനം ലഭിച്ചവർക്ക് ഓട്ടോ നല്കുന്നതിന് മുൻഗണന നല്കണമെന്നുമുള്ള നിർദ്ദേശത്തോടെ മേൽപദ്ധതിക്ക് അനുമതി നല്കി ഉത്തരവാകുന്നു.

കൂടാതെ, തൊഴിൽ നല്കുന്ന രീതിയിൽ പരിശീലനം നല്കുന്ന ഒരു പ്രോജക്ടിന്റെ നിർവഹണ ഘട്ടത്തിൽ പുതുതായി വന്ന വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ ആകണമെന്നും ഇപ്രകാരം പരിശീലനം നല്കാവുന്നതല്ല എന്നു ചൂണ്ടിക്കാണിച്ച് പ്രോജക്ട് നിർവ്വഹണം തടസ്സപ്പെടുത്തിയത് വീഴ്ചയാണ്. ഇത്തരം പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നതിനാൽ വി.ഇ.ഒയുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി.

സെക്രട്ടറി, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(3446588)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 12-03-2026 18:44:33
സെക്ഷൻ ഓഫീസർ